ത്ഥികളുടെ പ്രശ്നമായി എടുത്തു് വിദ്യാർത്ഥികളും അതു കൈകാര്യം ചെയ്യുമെന്നും വിദ്യാർത്ഥികളെ സമരത്തിലേക്കു തള്ളിനീക്കുന്ന സാഹചര്യം വരുമെന്നും വിദ്യാഭ്യാസ രംഗത്തു് അസ്വസ്ഥതകളും വരുമെന്നും അതുകൊണ്ടു് ട്രാൻസ്പോർട്ടുമന്ത്രി തീച്ചു് യായും രാഷ്ട്രീയമനോഭാവത്തോടുകൂടിയല്ലാതെ നിഷ്പക്ഷമായി വീക്ഷിച്ചുകൊണ്ടു് ഉടനടി ബോട്ടു് സർവ്വീസു് അനുവദിച്ചുകൊടുത്തു് വിദ്യാർത്ഥികൾക്കു് യാത്രാസൗകര്യമുണ്ടാക്കണമെന്നും ആണു് എനിക്കു പറയാനുള്ളതു്.

ഗതാഗതമന്ത്രി (ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ): സർ, വിദ്യാർത്ഥികളുടെ അസൗകര്യങ്ങളും പരിഹരിക്കുന്നതിനാവശ്യമായ കാര്യങ്ങളെസംബന്ധിച്ചു് അന്വേഷിച്ചു വേണ്ടതു ചെയ്യാം. രാഷ്ട്രീയപരിഗണനകളും ഒന്നും തന്നെ ഉണ്ടാകുകയില്ല. പ്രത്യേകിച്ചും സ്റ്റുഡന്റ്സ് കോൺഗ്രസ്സുകാരായ വിദ്യാർത്ഥികളും എന്നു പറയുമ്പോൾ, അവർ ഞാൻ കൂടുതൽ അനുകൂലിക്കുന്നവരാകുമെന്നു് എല്ലാവർക്കും അറിയാം.

മി. സ്പീക്കർ: പൂഞ്ഞാർ തെക്കേക്കര, പൂഞ്ഞാർ പനച്ചികപ്പാറ എന്നീ പഞ്ചായത്തുകളുടെ പുനഃസംഘടനാപ്രശ്നത്തിന്മേൽ ഉണ്ടായിട്ടുള്ള ഏകകണ്ഠമായ നിർദ്ദേശങ്ങളെ അവഗണിച്ചുകൊണ്ടു് വീണ്ടും പുനഃസംഘടനാനിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതുമൂലം സംജാതമായിരിക്കുന്ന ഗുരുതരാവസ്ഥ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു് ശ്രീ. പി. പി. വിൽസൺ നോട്ടീസു തന്നിട്ടുണ്ടു്.

14-8-69-ൽ പട്ടാമ്പിയിലെയും ഞങ്ങാട്ടിരിയിലേയും കുറെ ആളുകൾ പാവപ്പെട്ട ചില കർഷകത്തൊഴിലാളികളെ ആക്രമിച്ചതിനെ തുടർന്നു് അവിടെ ഉണ്ടായിട്ടുള്ള ഗുരുതരാവസ്ഥ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ശ്രീ. ഗോവിന്ദപ്പണിക്കർ ഒരു നോട്ടീസും തന്നിട്ടുണ്ടു്.

ഇതു രണ്ടും ബഹുമാനപ്പെട്ട മന്ത്രിമാർക്കു്, വേണ്ട മേൽനടപടികൾക്കായി അയച്ചിട്ടുണ്ടു്.

PAPERS LAID ON THE TABLE

Irrigation and Co-operation Minister (**Shri. P. Ramunni Kurup**): Sir, on behalf of the Industries Minister, I lay on the Table a copy of the Notification No. 3350/E-1/65/ID. dated 24th April 1968 (S. R. O. No. 254/68) containing the Kerala Non-Trading Companies General Rules and Forms, 1968.

LEGISLATIVE BUSSINESS

THE KERALA EDUCATION (AMENDMENT AND VALIDATION) BILL

Education Minister (**Shri. C. H. Mohammed Koya**): I move that the time for the presentation of the Report of the Select Commitee on the Kerala Education (Amendment and Validation) Bill, 1969 be extended till the 20th August, 1969.

LIBRARY ARCHIVES Kerala Legislative Assembly